LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനം

235 (927) ശ്രീ. എം. എ ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിനായി നടത്തിയ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിനായി പുതുതായി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നവീകരണ പ്രവർത്തനത്തിന്റെ ഭാഗമായി പഠനോപകരണങ്ങൾ, ലൈബ്രറി ബുക്കുകൾ, ഫർണിച്ചർ എന്നിവ വാങ്ങുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ജൂലൈ 2010-ൽ പ്രവേശിപ്പിക്കപ്പെട്ട് ദ്വിവത്സര ഡിപ്ലോമ കോഴ്സ് പൂർത്തീകരിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഫാഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട വിവിധ മേഖലയിൽ ജോലി ലഭ്യമാക്കിയിട്ടുണ്ട്. 2014-15 മുതൽ മൂന്നു വർഷത്തെ ഡിപ്ലോമ കോഴ്സിനു പകരമായി നാല് വർഷത്തെ ബാച്ചിലർ ഓഫ് ഡിസൈൻ ഡിഗ്രി കോഴ്സ് കേരള യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനോടു കൂടി ആരംഭിച്ചിട്ടുണ്ട്.

(ബി) ഫാഷൻ ഡിസൈനിൽ അണ്ടർ ഗ്രാജുവേറ്റ്, പോസ്റ്റ് ഗ്രാജുവേറ്റ് എന്നീ കോഴ്സുകൾ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

ചുമട്ടു തൊഴിലാളികളുടെ കയറ്റിറക്ക് കൂലി

236 (928) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചുമട്ട് തൊഴിലാളികൾക്കുള്ള കയറ്റിറക്ക് കൂലി, പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയ കേന്ദ്രം എന്നിവവഴി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനുള്ള അനുമതി തൊഴിൽ വകുപ്പ് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിനുള്ള നടപടികൾ ആരാണ് സ്വീകരിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പൊതുജനങ്ങളിൽ നിന്നും ചുമട്ടുതൊഴിലാളികൾക്കുള്ള കയറ്റിറക്ക് കൂലി, പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയകേന്ദ്രം എന്നിവവഴി സ്വീകരിക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവിന് 22-5-2012-ലെ സ.ഉ.(സാധാ) നമ്പർ 768/2012/തൊഴിൽ പ്രകാരം അനുവാദം നൽകിയിട്ടുണ്ട്.

(സി) ഇതിനുള്ള തുടർനടപടി കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവാണ് സ്വീകരിക്കേണ്ടത്. മേൽപ്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയകേന്ദ്രം എന്നിവ വഴിയും കയറ്റിറക്ക് കൂലി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും, ബോർഡ് ചീഫ് എക്സിക്യൂട്ടീവ് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഉപഭോക്തൃവില സൂചിക പുതുക്കി നിശ്ചയിക്കാൻ നടപടി

237 (929) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്തൃവില സൂചിക പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി രൂപീകരിച്ച കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി 2010-ന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) ഉപഭോക്തൃ വില സൂചിക പുതുക്കി നിശ്ചയിക്കുന്നതിന് കാലതാമസം ഉണ്ടായതിനുള്ള കാരണം വിശദമാക്കുമോ ;

(സി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ സർക്കാർ റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോ ;

(സി) ഉപഭോക്തൃ വില സൂചിക പുതുക്കി നിശ്ചയിക്കുന്നത് വൈകുന്നതുമൂലം തൊഴിലാളികൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly